# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 246 | 01.12.2014-ൽ മറുപടിയ്ക്ക്

## കൊലക്കേസ്സ് പ്രതി കേന്ദ്ര ആഭ്യന്തരമന്ത്രിയ്ക്ക് തലപ്പാവ് അണിയിച്ച സംഭവം

### ചോദ്യം

ശ്രീ.വി.ശിവൻകുട്ടി

(എ) തലസ്ഥാനത്ത് എത്തിയ കേന്ദ്ര ആഭ്യന്തര മന്ത്രിയ്ക്ക് കൊലക്കേസിലെ ഒന്നാം പ്രതിയായ ആർ.എസ്.എസ്.പ്രവർത്തകൻ തലപ്പാവ് അണിയിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭവം നടന്നത് സംസ്ഥാന പോലീസ് അധികൃതരുടെ സാന്നിധ്യത്തിലായിരുന്നുവോ; അതീവ സുരക്ഷയുള്ള പത്മനാഭസ്വാമി ക്ഷേത്രത്തിൽ കൊലക്കേസ്സ് പ്രതി എങ്ങിനെയെത്തുകയുണ്ടായെന്നും, തലപ്പാവ് അണിയാൻ എങ്ങിനെ സാധിച്ചുവെന്നും പോലീസ് അന്വേഷിക്കുകയുണ്ടായോ;

(സി) അന്വേഷണം നടത്തിയത് ആരാണ്; അന്വേഷണത്തെ തുടർന്ന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) പ്രസ്തുത അന്വേഷണം നടത്തിയതിന് ശേഷം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി), (സി &) സംഭവം നടക്കുമ്പോൾ ബഹു.കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു.

(ഡി) 27.09.2014-ാം തീയതി രാവിലെ ഏതാണ്ട് 9.15 മണിയോടെ ശ്രീ.പത്മനാഭ സ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തിയ ബഹു.കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ.രാജ്നാഥ് സിംഗ് ക്ഷേത്രത്തിന് പുറത്ത് പാർക്ക് ചെയ്തിരുന്ന വാഹനത്തിൽ കയറാൻ തുടങ്ങുന്ന സമയം സന്തോഷ് എന്ന ബി.ജെ.പി പ്രവർത്തകൻ ബഹു.കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ സുരക്ഷാ ചുമതലയുള്ള നാഷണൽ സെക്യൂരിറ്റി ഗ്രൂപ്പ് സേനാംഗങ്ങളുടേയും മുതിർന്ന സംസ്ഥാന ബി.ജെ.പി നേതാക്കളുടേയും സാന്നിദ്ധ്യത്തിൽ പാർട്ടി നേതാക്കന്മാരുടെ അറിവോടും സമ്മതത്തോടും കൂടിയും ബഹു.കേന്ദ്ര ആഭ്യന്തര മന്ത്രിയോടൊപ്പം ഉണ്ടായിരുന്ന കേന്ദ്ര സുരക്ഷാ അധികൃതരുടെ ലെയ്സൻ ഓഫീസറുടെ അനുമതിയോടുകൂടിയും ബഹു.കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ തലയിൽ തലപ്പാവ് അണിയിക്കുകയാണുണ്ടായത്. ഇത്തരത്തിൽ തലപ്പാവ് അണിയിക്കുന്നത് സംബന്ധിച്ച് ഒരു വിവരവും സംസ്ഥാന പോലീസ് അധികാരികളെയോ, സ്ഥലത്ത് സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെയോ മുൻകൂട്ടി അറിയിക്കുകയോ, മുൻകൂർ അനുവാദം വാങ്ങുകയോ ചെയ്തിരുന്നില്ല. ഇതു സംബന്ധമായി യാതൊരു അന്വേഷണവും സംസ്ഥാന പോലീസ് നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ